ആറൻമുളയിൽ സഹകരണ മേഖലയിൽ എഞ്ചിനീയറിംഗ് കോളേജ് തുടങ്ങണമെന്ന ആവശ്യം

128(1031) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അടുത്ത അദ്ധ്യയനവർഷത്തിൽ സഹകരണ മേഖലയിൽ എവിടെയൊക്കെ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) സഹകരണ മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് വേണ്ടതെന്ന് തീരുമാനിച്ചിട്ടുണ്ടോ ;

(സി) എഞ്ചിനീയറിംഗ് കോളേജിന് സ്ഥലം ഉടമകൾക്ക് രജിസ്ട്രേഷൻ ഒഴിവാക്കിക്കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) അടുത്ത അദ്ധ്യയന വർഷത്തിൽ ആറൻമുളയിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെ (എ.ഐ.സി.റ്റി.ഇ) അംഗീകാരത്തിന് വിധേയമായി സംസ്ഥാനത്തെ താഴെപ്പറയുന്ന 9 ജില്ലകളിൽ സഹകരണ അക്കാഡമിയുടെ കീഴിൽ എഞ്ചിനീയറിംഗ് കോളേജുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

1. കണ്ണൂർ
2. തിരുവനന്തപുരം
3. കൊല്ലം
4. ആലപ്പുഴ
5. മലപ്പുറം
6. പത്തനംതിട്ട
7. എറണാകുളം
8. കോട്ടയം
9. കാസർഗോഡ്.

(ബി) സഹകരണ അക്കാഡമിയുടെ കീഴിൽ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് 25 ഏക്കറിൽ കുറയാത്ത, അനുയോജ്യമായ സ്ഥലം സൗജന്യമായി രജിസ്റ്റർ ചെയ്ത് അക്കാഡമിക്ക് നൽകേണ്ടതുണ്ട്. എഐസിറ്റിഇയുടെ നിയമാവലി പ്രകാരമുള്ള മറ്റടിസ്ഥാന സൗകര്യങ്ങൾ അക്കാഡമിയുടെ

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് കോളേജുകൾക്കും ബാധകമാണ്. ഈ നിബന്ധനകൾ പ്രധാനമായും പാഠ്യപദ്ധതി പ്രകാരമുള്ള ഉപകരണങ്ങൾ ഉൾക്കൊള്ളുന്ന ക്ലാസ്മുറികൾ, ലബോറട്ടറികൾ, വർക്ക്ഷോപ്പുകൾ, നിശ്ചിത സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ, ആവശ്യമായ പുസ്തകങ്ങൾ അടങ്ങിയ ലൈബ്രറി, വിദ്യാർത്ഥികളുടെ എണ്ണവുമായി ബന്ധപ്പെടുത്തിയുള്ള അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാർ ഇവയാണ്.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) അടുത്ത അദ്ധ്യയന വർഷത്തിൽ ആറൻമുളയിൽ സഹകരണ അക്കാഡമിയുടെ കീഴിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നതിന് അനുമതിക്കായി എ.ഐ.സി.റ്റി.ഇ. ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം കിട്ടുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

ഇടുക്കി ജില്ലാ സഹകരണ ബാങ്ക്

129(1032) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ഭരണസമിതിയുടെ കാലത്ത് ഇടുക്കി ജില്ലാ സഹകരണബാങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട് ; ഈ ഇനത്തിൽ എത്ര തുക ചെലവായി ; ഇപ്പോൾ എത്രപേർ ദിവസവേതനത്തിൽ തുടരുന്നുണ്ട് ;

(ബി) ബാങ്കിന്റെ ബൈലായ്ക്ക് വിരുദ്ധമായി വ്യക്തികൾക്ക് നിലവിലുള്ള ഭരണസമിതിയുടെ കാലത്ത് വായ്പ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുകയ്ക്കുള്ള വായ്പ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പൊതുനന്മ ഫണ്ടിലേക്ക് തുക മാറ്റുന്നതിന് ബൈലാ ഭേദഗതി വരുത്തിയിട്ടുണ്ടോ ; എങ്കിൽ എന്ന് മുതലാണ് ഭേദഗതി വരുത്തിയിട്ടുള്ളത് ;

(ഡി) പുതിയ വാഹനങ്ങൾ വാങ്ങിയ ഇനത്തിൽ നിലവിലുള്ള ഭരണസമിതിയുടെ കാലത്ത് എത്ര രൂപ ചെലവായി ;

(ഇ) ബാങ്ക് മാരുതി എസ്റ്റീം കാർ വാങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് വാങ്ങി ; ഈ വാഹനം എത്ര കിലോമീറ്റർ ഇതുവരെ ഓടിയിട്ടുണ്ട് ;

(എഫ്) ബാങ്ക് വാഹനത്തിൽ ഗ്യാസ് കൺവേർഷൻ നടത്തിയതിന് ഡിപ്പാർട്ട്മെന്റ് അനുവാദം നൽകിയിട്ടുണ്ടോ ;

(ജി) സർക്കാർ, അർദ്ധസർക്കാർ, സഹകരണസ്ഥാപനങ്ങൾ എന്നിവയുടെ വാഹനങ്ങളിൽ ഗ്യാസ് കൺവേർഷൻ നടത്തുന്നതിന് വ്യവസ്ഥയുണ്ടോ ;

(എച്ച്) ബാങ്ക് വക മാരുതി എസ്റ്റീം കാർ ബാങ്ക് കാര്യങ്ങൾക്ക് അല്ലാതെ സംസ്ഥാനത്തിന് വെളിയിൽ കൊണ്ട് പോയിട്ടുണ്ടോ ;

(ഐ) ഓഡിറ്റിൽ സ്വർണ്ണപണയ വായ്പ വിതരണത്തിൽ കുറ്റക്കാരായി ഓഡിറ്റർ റിപ്പോർട്ട് ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly